# മരിച്ചിട്ടും പ്രതിഫലം തുടരുന്ന വഖഫ് സ്വത്തുക്കൾ

عَنْ إِبْنِ عُمَرَ رَضِيَ اللَّهُ عَنْهُما قَالَ: أَصَابَ عُمَرُ رَضِيَ اللَّهُ عَنْهُ أَرْضًا بِخَيْبَرَ، فَأَتَى النَّبِيَّ ﷺ يَسْتَأْمِرُهُ فِيهَا، فَقَالَ: يَارَسُولَ اللَّهِ، إِنِّي أَصَبْتُ أَرْضًا بِخَيْبَرَ، لَمْ أُصِبْ مَالاً قَطّ هُوَ أَنْفَسُ عِنْدِي مِنْهُ، فَمَا تَأْمُرُنِي بِهِ؟ قَالَ: إِنْ شِئْتَ حَبَسْتَ أَصْلَهَا، وَتَصَدَّقْتَ بِهَا. (بخارى، مسلم)

**ഇബ്നു ഉമറി(റ)ൽനിന്ന്: ഉമറി(റ)ന് ഖൈബറിൽ കുറച്ച് ഭൂമി ലഭിച്ചു. അതിനെ സംബന്ധിച്ച് അഭിപ്രായമാരായാൻ അദ്ദേഹം പ്രവാചക സന്നിധിയിൽ വന്നു. എന്നിട്ട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ഖൈബറിൽ കുറച്ച് ഭൂമി ലഭിച്ചു. അതിനെക്കാൾ മെച്ചപ്പെട്ട മറ്റൊരു സ്വത്തും എനിക്ക് കിട്ടിയിട്ടില്ല. അതിനെ സംബന്ധിച്ച് താങ്കൾക്ക് എന്താണ് എന്നോട് നിർദേശിക്കാനുള്ളത്? നബി(സ) പറഞ്ഞു: "താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്റെ മൂലവസ്തു നിലനിർത്തി വരുമാന വിഭവം ദാനം ചെയ്യാം." (ബുഖാരി, മുസ്‌ലിം)**

മൂലധനം കൈമാറ്റം ചെയ്യാതെ നിലനിർത്തിക്കൊണ്ട് അതിന്റെ പ്രയോജനവും ആദായവും ദൈവിക മാർഗത്തിൽ ചെലവഴിക്കുന്നതിനാണ് വഖ്ഫ് എന്ന് പറയുന്നത്. ഏറെ പുണ്യകരവും മരണശേഷം പ്രതിഫലം തുടരുന്ന സൽക്കർമവുമായിട്ടാണ് റസൂൽ(സ) വഖ്ഫിനെ പരിചയപ്പെടുത്തിയിട്ടുള്ളത്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. "മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ അവന്റെ കർമങ്ങൾ അവസാനിച്ചു. എന്നാൽ മൂന്ന് കാര്യങ്ങളിൽ പ്രതിഫലം തുടരും. തുടർച്ചയുള്ള ദാനം, പ്രയോജനപ്രദമായ വിജ്ഞാനം, അവനുവേണ്ടി പ്രാർഥിക്കുന്ന സന്താനം" (മുസ്‌ലിം, അബൂദാവൂദ്, തിർമുദി). ഈ പ്രവാചക വചനത്തിലെ തുടർച്ചയുള്ള ദാനം എന്നതിന്റെ വിവക്ഷ വഖ്ഫ് ആണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. സ്വഹാബികൾ റസൂലി(സ)ന്റെ കാലത്ത് തന്നെ വിലപിടിച്ച തോട്ടങ്ങളും മറ്റ് വസ്തുക്കളും ദൈവിക മാർഗത്തിൽ വഖ്ഫ് ചെയ്തിരുന്നു.

മൂലധന വസ്തുവിലെ ആദായം സാമൂഹികവൽക്കരിക്കുക എന്നതാണ് വഖ്ഫിന്റെ അടിസ്ഥാനം. ഈയർഥത്തിൽ മൂലവസ്തു നിലനിർത്തിക്കൊണ്ട് പ്രയോജനമെടുക്കാവുന്നതായ എല്ലാ സ്വത്തും വഖ്ഫ് ചെയ്യാവുന്നതാണ്. പള്ളികളും വിജ്ഞാന കേന്ദ്രങ്ങളും സത്രങ്ങളും നിർമിച്ച് പൊതുജനാവശ്യത്തിന് നൽകുക തുടങ്ങിയവയെല്ലാം വഖ്ഫിന്റെ ഭാഗമായി മുൻഗാമികൾ ചെയ്തിരുന്നു. അറേബ്യൻ മരുഭൂമിയിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം കുടിവെള്ളക്ഷാമം വലിയ സാമൂഹിക പ്രശ്നമായിരുന്നു. ഇതിനുള്ള പരിഹാര പദ്ധതികളാണ് റസൂലിന്റെ കാലത്ത് പ്രോത്സാഹിപ്പിക്കപ്പെട്ട മറ്റു വഖ്ഫുകൾ. സഅ്ദുബ്നു ഉബാദയി(റ)ൽനിന്ന് നിവേദനം: അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഉമ്മു സഅ്ദ് മരിച്ചു. അവർക്കുവേണ്ടി എന്ത് ദാനമാണ് ശ്രേഷ്ഠമായത്? നബി(സ) പറഞ്ഞു: 'വെള്ളം.' സഅ്ദ്(റ) ഒരു കിണർ കുഴിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "ഇത് ഉമ്മുസഅ്ദിന് വേണ്ടിയാണ്"(അബൂദാവൂദ്, നസാഇ).

പൊതുജന ഉപയോഗത്തിനായി കുടിവെള്ള സ്രോതസ് ഉസ്മാൻ(റ) വില കൊടുത്ത് വാങ്ങി വഖ്ഫ് ചെയ്തതും ഹദീസിൽ കാണാം. കാലത്തിനും നാടിനുമനുസരിച്ച് വഖ്ഫ് പ്രോജക്ടുകളിലും വ്യത്യാസമാവാം. ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ ഒട്ടേറെ പ്രൊജക്ടുകൾ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നുണ്ട്. അത്തരം പദ്ധതികൾക്ക് വഖ്ഫ് ചെയ്യാൻ സമ്പന്നർ മുന്നോട്ടുവരേണ്ടതുണ്ട്. നിലവിൽ ഉപയോഗ ശൂന്യമായ വഖ്ഫ് സ്വത്തുക്കൾ അതിനായി പ്രയോജനപ്പെടുത്താൻ സാധിക്കണം. വഖ്ഫ് സ്വത്തിൽ ഒരു മാറ്റവും വരുത്താൻ പാടില്ലെന്നും എന്തിനാണോ അത് വഖ്ഫ് ചെയ്തത് നശിച്ചുപോകുന്നത് വരെ അതിനായി തുടരുകയാണ് വേണ്ടതെന്നും ചില പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നത് ശരിയാണ്. അതുപക്ഷേ, പലയിടത്തും ഒരുപകാരവുമില്ലാത്തവിധം വഖ്ഫ് സ്വത്തുക്കൾ പാഴ്‌വസ്തുക്കളായി മാറുന്നതിനാണ് കാരണമായിട്ടുള്ളത്. വഖ്ഫ് ചെയ്യുന്ന വ്യക്തി എന്തിനാണോ അത് ചെയ്തത് ആ പ്രയോജനം നഷ്ടപ്പെട്ടാലോ, പുതിയ കാലത്ത് ഇല്ലാതായാലോ വഖ്ഫ് വസ്തുവിൽ മാറ്റം വരുത്തിയോ, വിറ്റ് പുതിയത് വാങ്ങിയോ കാലാനുസൃതമായി ആ പ്രയോജനം ലഭ്യമാക്കുകയാണ് വേണ്ടത്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ പറയുന്നു: "വഖ്ഫ് അതിനെക്കാൾ ഉത്തമമായ മറ്റൊന്നാക്കി മാറ്റൽ രണ്ടുവിധമാവാം. ഒന്ന്: മാറ്റം ആവശ്യമായി വരിക. ഉദാഹരണം: ആദ്യത്തെ വസ്തു ഉപയോഗശൂന്യമാവുകയും അപ്പോൾ അത് വിറ്റ് തൽസ്ഥാനത്ത് അനുയോജ്യമായ മറ്റൊന്ന് വാങ്ങുകയും ചെയ്യുക. യുദ്ധത്തിനുവേണ്ടി വഖ്ഫ് ചെയ്ത കുതിര യുദ്ധാവശ്യത്തിന് പ്രയോജനപ്പെടാതെ വന്നാൽ അതിന്റെ സ്ഥാനത്ത് അനുയോജ്യമായ മറ്റൊന്നിനെ വാങ്ങാം. വഖ്ഫ് ചെയ്ത വസ്തുകൊണ്ട് വാഖിഫ് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ലെങ്കിൽ അതു വിറ്റ് തൽസ്ഥാനത്ത് മറ്റൊന്ന് വാങ്ങണം. അതെല്ലാം അനുവദനീയമാകുന്നു. മൂലവസ്തു കൊണ്ട് ഉദ്ദേശ്യം നടക്കാതായാൽ പകരം വസ്തു തൽസ്ഥാനത്ത് നൽകുന്നു.

രണ്ട്: കൂടുതൽ പ്രബലമായ താൽപര്യത്തിന് വേണ്ടി മാറ്റുക. ആദായത്തിനുവേണ്ടി വഖ്ഫ് ചെയ്യപ്പെട്ട കെട്ടിടം, സത്രം, തോട്ടം, ഗ്രാമം തുടങ്ങിയവ കുറഞ്ഞ വരുമാനമുള്ളതാണെങ്കിൽ അതിനെക്കാൾ ആദായകരമായ വസ്തുക്കളാക്കി മാറ്റാവുന്നതാണ്. കാരണം, ആദായ വസ്തുവിനെ കൂടുതൽ ആദായകരമാക്കി മാറ്റുകയാണിത്. എന്നാൽ ഇമാം ശാഫിഇയെ പോലുള്ള പണ്ഡിതർ ഏതു വഖ്ഫ് സ്വത്തിനെയും മാറ്റുന്നത് വിലക്കിയിരിക്കുന്നു. പക്ഷേ, പ്രമാണങ്ങളുടെയും, കീഴ്‌വഴക്കത്തിന്റെയും ന്യായാധീകരണത്തിന്റെയും തേട്ടം ഉത്തമ താൽപര്യങ്ങൾക്കുവേണ്ടി വഖ്ഫ് സ്വത്ത് മാറ്റാമെന്നാണ്. അല്ലാഹു അഅ്‌ലം' (ഫതാവാ കുബ്റ, ഇബ്നു തൈമിയ). ■